പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2249          11.03.2020 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര മേഖലയിൽ കേരളത്തിന്റെ സംഭാവന

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. ഇ.കെ.വിജയൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, എൽദോ എബ്രഹാം : | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) | രാജ്യത്തിന്റെ വിനോദസഞ്ചാര മേഖലയിൽ കേരളത്തിന്റെ സംഭാവന സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | എ) | രാജ്യത്തെത്തുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കേരളത്തിന്റെ സ്ഥാനം എട്ടാമതാണെന്നും രാജ്യത്തെത്തുന്ന വിനോദസഞ്ചാരികളിൽ 3.8% കേരളത്തിന്റെ സംഭവനയാണെന്നും കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന്റെ 2018-ലെ കണക്കുകൾ (India Tourism Statistics) സൂചിപ്പിക്കുന്നു.<br>ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കേരളത്തിന്റെ സ്ഥാനം പതിനേഴാമതാണെന്നും ആഭ്യന്തര സഞ്ചാരികളിൽ 0.89% കേരളത്തിന്റെ സംഭാവനയാണെന്നും 2017-ലെ കണക്കുകൾ സൂചിപ്പിക്കുന്നു. |
| ബി) | ലോക ടൂറിസം ഭൂപടത്തിൽ കേരള ടൂറിസത്തെ അടയാളപ്പെടുത്തുന്നതിന് നടത്തുന്ന ശ്രമങ്ങൾ അറിയിക്കുമോ; | ബി) യും സി) യും | ലോക ടൂറിസം ഭൂപടത്തിൽ കേരള ടൂറിസത്തെ അടയാളപ്പെടുത്തുന്നതിനും കൂടുതൽ വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• ചാമ്പ്യൻസ് ബോട്ട് ലീഗ് (ലീഗ് അടിസ്ഥാനത്തിൽ വള്ളംകളി മത്സരങ്ങൾ) |
| സി) | കൂടുതൽ വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി സർക്കാർ നടത്തുന്ന | | |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | | • ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം<br>• ദേശീയ അന്തർദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ<br>• ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി ഫാം ടൂറുകൾ സംഘടിപ്പിക്കൽ<br>• അച്ചടി, ടെലിവിഷൻ, റേഡിയോ മാധ്യമങ്ങൾ വഴിയുള്ള പരസ്യങ്ങൾ<br>• ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്<br>• സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും<br>• ബ്ലോഗ് എക്സ്പ്രസ് പദ്ധതിയുടെ തുടർച്ച<br>• 'Human by nature' എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ<br>• MICE, വെഡിങ് ടൂറിസം, മൺസൂൺ ടൂറിസം എന്നിവയുടെ പ്രചാരം<br>• ഇന്ത്യാ കൺവെൻഷൻ പ്രൊമോഷൻ ബ്യൂറോയുടെ (ഐ.സി.പി.ബി) കേരള ചാപ്റ്റർ രൂപീകരണം.<br>• ആയുർവേദ, ഹൗസ്ബോട്ട്, ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ പദ്ധതികളുടെ കാലോചിതമായ പരിഷ്കാരം<br>• സാഹസിക ടൂറിസം മേഖലയുടെ നവീകരണം<br>• കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം<br>• വില്ലേജ് ലൈഫ് എക്സ്പീരിയൻസ് |

| | | | |
|---|---|---|---|
| | | | പോലുള്ള പദ്ധതികളിലൂടെ ഉത്തരവാദിത്ത ടൂറിസം മേഖലയുടെ വിപുലീകരണവും ശാക്തീകരണവും<br>• ടൂറിസം മേളകൾ, യോഗ/ ആയുർവ്വേദ അംബാസഡർ ടൂറുകൾ പോലുള്ള നവീന സംരഭങ്ങൾക്ക് സഹായ സഹകരണങ്ങൾ നൽകൽ. |
| ഡി) | കേരളത്തിൽ ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികൾ വരുന്നത് ഏതൊക്കെ രാജ്യങ്ങളിൽ നിന്നാണെന്ന് അറിയിക്കുമോ; | | യുണൈറ്റഡ് കിങ്ഡം, യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക, ഫ്രാൻസ്. ജർമ്മനി, സൗദി അറേബ്യ എന്നീ രാജ്യങ്ങളിൽ നിന്നാണ് കൂടുതൽ വിനോദസഞ്ചാരികൾ കേരളത്തിലെത്തുന്നത്. |
| ഇ) | വിദേശ വിനോദസഞ്ചാരികൾ കേരളത്തിൽ ഏറ്റവും കൂടുതലായി എത്തുന്നത് ഏതൊക്കെ ജില്ലകളിലേക്കാണ് എന്നറിയിക്കുമോ? | | എറണാകുളം, തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, കോട്ടയം ജില്ലകളിലേക്കാണ് വിദേശ വിനോദസഞ്ചാരികൾ കൂടുതലായി എത്തുന്നത് |

സെക്ഷൻ ഓഫീസർ